CIVIL SERVICES (MAIN) EXAM-2022

CRNA–C–MLY

# മലയാളം / MALAYALAM

## (നിർബന്ധിതം) / (Compulsory)

| | |
|---|---|
| സമയം : **മൂന്നു** മണിക്കൂർ | പരമാവധി മാർക്ക് : **300** |
| *Time Allowed : **Three** Hours* | *Maximum Marks : **300*** |

---

### ചോദ്യപേപ്പർ പ്രത്യേകനിർദ്ദേശങ്ങൾ

***ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുൻപായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :***

*എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.*

*ഓരോ ചോദ്യത്തിനുമുള്ള മാർക്കുകൾ അതതു് ചോദ്യത്തിനെതിരെ കൊടുത്തിട്ടുണ്ടു്.*

*ചോദ്യത്തിൽ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം **മലയാളത്തിൽ (മലയാളംലിപിയിൽ)** തന്നെ എഴുതണം.*

*ചോദ്യങ്ങൾക്കുള്ള ഉത്തരത്തിനു നിശ്ചയിച്ചിട്ടുള്ള വാക്കുകളുടെ എണ്ണം പാലിക്കണം. നിശ്ചയിച്ചിട്ടുള്ള എണ്ണത്തിനേക്കാൾ കൂടുകയോ കുറയുകയോ ചെയ്താൽ മാർക്കു് കുറയ്ക്കുന്നതായിരിക്കും.*

*ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്കു്ലെറ്റിൽ ഏതെങ്കിലും പേജോ പേജിന്റെ ഭാഗമോ വിടുകയാണെങ്കിൽ അവ വ്യക്തമായി വെട്ടിക്കളഞ്ഞിരിക്കണം.*

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*All questions are to be attempted.*

*The number of marks carried by a question is indicated against it.*

*Answers must be written in **MALAYALAM (Malayalam script)** unless otherwise directed in the question.*

*Word limit in questions, wherever specified, should be adhered to and if answered in much longer or shorter than the prescribed length, marks will be deducted.*

*Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

munotes.in

**Q1.** **താഴെ കൊടുത്തിരിയ്ക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് 600 വാക്കുകളിൽ കവിയാതെ ഉപന്യസിക്കുക :** *100*

(a) പുനരുപയോഗ ഊർജ്ജം : സാദ്ധ്യതകളും വെല്ലുവിളികളും

(b) ആശയവിനിമയ വിപ്ലവത്തിന്റെ പ്രാധാന്യം

(c) കായികവിനോദരംഗത്ത് വർദ്ധിച്ചുവരുന്ന വാണിജ്യവൽക്കരണം

(d) ഭക്ഷണശീലത്തിനു് ആരോഗ്യത്തിലുള്ള സ്വാധീനം

**Q2.** **താഴെ കൊടുത്തിരിയ്ക്കുന്ന ഗദ്യഭാഗം ശ്രദ്ധയോടെ വായിച്ച്, തുടർന്നു് കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കു് വ്യക്തവും സംക്ഷിപ്തവുമായ ഉത്തരമെഴുതുക :** *12×5=60*

ബൃഹത്തായ രേഖകളേയും വിവരങ്ങളേയും ആധാരമാക്കിയാണു് കോളനി വാഴ്ച നിലനിന്നതു്. ബ്രിട്ടീഷുകാർ അവരുടെ വാണിജ്യ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി വാണിജ്യപ്രവർത്തനങ്ങളുടെ വിശദമായ രേഖകൾ തയ്യാറാക്കിയിരുന്നു. വളരുന്ന നഗരങ്ങളിലെ ജീവിതത്തിന്റെ ഗതിയും ദിശയും നിർണ്ണയിയ്ക്കുന്നതിനായി അവർ പതിവായി സർവ്വേകൾ നടത്തുകയും സ്ഥിതിവിവരക്കണക്കുകൾ ശേഖരിയ്ക്കുകയും വിവിധ സർക്കാർ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

ആദ്യകാലം മുതൽ കോളനി ഭരണക്കാർ ഭൂപടങ്ങൾ തയ്യാറാക്കുന്നതിൽ ശ്രദ്ധചെലുത്തിയിരുന്നു. ഒരു സ്ഥലത്തിന്റെ ഘടനയും ഭൂപ്രകൃതിയും മനസ്സിലാക്കുവാൻ ഭൂപടങ്ങൾ ആവശ്യമാണെന്നു് അവർ വിശ്വസിച്ചു. ഈ വിവരങ്ങളുടെ സഹായത്താൽ അവർക്കു് ഓരോ ഭൂപ്രദേശത്തിന്റേയും മേൽ മികച്ച നിയന്ത്രണം നേടാൻ കഴിയും. കച്ചവടം വർദ്ധിപ്പിക്കുവാനും ശക്തി മെച്ചപ്പെടുത്തുവാനുമായി അവർ ഭൂപടങ്ങൾ നിർമ്മിച്ചു. നഗരങ്ങളുടെ ഭൂപടത്തിൽ നിന്നു് ആ സ്ഥലത്തെ കുന്നുകളും നദികളും പച്ചപ്പുകളും നമുക്കു് അറിയാൻ കഴിയും. പ്രതിരോധവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായുള്ള പദ്ധതികൾ തയ്യാറാക്കുന്നതിൽ ഈ വസ്തുതകളെല്ലാം വളരെ ഉപയോഗപ്രദമാണു്. ഇതുകൂടാതെ പർവ്വതങ്ങളുടെ സ്ഥാനം, വീടുകളുടെ സാന്ദ്രതയും ഗുണനിലവാരവും, റോഡുകളുടെ അവസ്ഥ മുതലായവ പ്രദേശത്തിന്റെ വാണിജ്യ സാദ്ധ്യതകൾ കണ്ടെത്തുന്നതിനും നികുതിതന്ത്രം രൂപപ്പെടുത്തുന്നതിനും സഹായിയ്ക്കുന്നു.

പത്തൊമ്പതാം നൂററാണ്ടിന്റെ അവസാനം മുതൽ ബ്രിട്ടീഷുകാർ വാർഷിക മുനിസിപ്പൽ നികുതി പിരിവിലൂടെ നഗരങ്ങളുടെ പരിപാലനത്തിനായി പണം സ്വരൂപിക്കുവാൻ തുടങ്ങി. സംഘർഷങ്ങൾ ഒഴിവാക്കാനായി തെരഞ്ഞെടുക്കപ്പെട്ട ചില ഇന്ത്യൻ പ്രതിനിധികൾക്കു് അവർ അവസരം നൽകി. ജനങ്ങൾ ഭാഗികമായി പ്രതിനിധീകരിക്കുന്ന മുനിസിപ്പാലിററി, കോർപ്പറേഷൻ പോലുള്ള സ്ഥാപനങ്ങൾ നഗരങ്ങളിൽ ജലവിതരണം, മലിനജലനിർമ്മാർജ്ജനം, റോഡു നിർമ്മാണം, ആരോഗ്യസംരക്ഷണം തുടങ്ങിയ അവശ്യസേവനങ്ങൾ ലഭ്യമാക്കുവാൻ തുടക്കമിട്ടു. മുനിസിപ്പൽ കോർപ്പറേഷനുകളുടെ പ്രവർത്തനഫലമായി മുനിസിപ്പൽ റെക്കാർഡ് മുറികളിൽ സൂക്ഷിക്കേണ്ടതായ പുതിയ ഒരു വിഭാഗം രേഖകൾ നിർമ്മിക്കപ്പെട്ടു.

നഗരങ്ങളുടെ വികസനം നിരീക്ഷിക്കുന്നതിനായി സ്ഥിര ഉദ്യോഗസ്ഥരെ നിയമിച്ചു. പത്തൊമ്പതാം നൂററാണ്ടിന്റെ മദ്ധ്യത്തോടെ വിവിധ പ്രദേശങ്ങളിൽ വ്യത്യസ്തമായ പ്രാദേശിക കണക്കെടുപ്പുകൾ നടന്നു. 1872-ലാണു് ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സെൻസസ്സിനുള്ള ശ്രമം നടന്നതു്. പിന്നീടു് 1881 മുതലാണു് എല്ലാ പത്തുവർഷം കൂടുമ്പോഴുള്ള സെൻസസ് രീതി നിലവിൽ വന്നതു്. ഇന്ത്യയിലെ നഗരവൽക്കരണത്തെക്കുറിച്ച് പഠിക്കുന്നതിനുള്ള അമൂല്യമായ ഒരു രേഖാഉറവിടമായി ഇതുമാറി.

നമ്മുടെ പരിവർത്തനങ്ങളെ ചരിത്രപരമായി പഠിക്കുവാൻ ഉതകുന്ന സുപ്രധാന രേഖകളാണു് മേൽപ്പറഞ്ഞവ. മരണം, രോഗം എന്നിവയെ പററിയുള്ള അനന്തമായ കണക്കുകൾ, പ്രായം, ലിംഗം, ജാതി, തൊഴിൽ എന്നിവയെ ആധാരമാക്കിയുള്ള, ജനങ്ങളെ സംബന്ധിച്ച കണക്കുകൾ എന്നിവ വസ്തുനിഷ്ഠമെങ്കിലും അതു് മിഥ്യാധാരണ ജനിപ്പിക്കാവുന്നതാണു്. ഈ കണക്കുകൾ തെററിദ്ധരിക്കാൻ പര്യാപ്തമാണെന്നു് ചരിത്രകാരന്മാർ കണ്ടെത്തി. ഈ രേഖകൾ ഉപയോഗിക്കുന്നതിനുമുമ്പു് ആരാണു് അവ ശേഖരിച്ചതു് എന്നും എങ്ങനെയാണു് ശേഖരിച്ചതു് എന്നും നല്ല ധാരണ ഉണ്ടായിരിക്കേണ്ടതാണു്. എന്തൊക്കെയാണു് ശേഖരിക്കപ്പെട്ടതു് എന്നതുപോലെ എന്തെല്ലാം വിട്ടു പോയി എന്നതും അറിഞ്ഞിരിക്കേണ്ടതാണു്.

**ചോദ്യങ്ങൾ :**

(a) കോളനി വാഴ്ചയുടെ നടത്തിപ്പിനു് രേഖകൾക്കു് എത്രത്തോളം പ്രാധാന്യമുണ്ടു് ? *12*

(b) കോളനി ഭരണകർത്താക്കൾക്കു് ഭൂപടങ്ങൾ പ്രധാനമാകുന്നതെന്തുകൊണ്ടു് ? *12*

(c) കോളനി രേഖകൾ പ്രയോജനപ്പെടുത്തി നഗരവൽക്കരണത്തെ എങ്ങനെ പഠനവിധേയമാക്കാം ? *12*

(d) രേഖകൾ എല്ലായ്പ്പോഴും സന്ദേഹമുക്തമല്ലെന്നു് ചരിത്രകാരന്മാർ വിശ്വസിക്കുന്നതെന്തുകൊണ്ടു് ? *12*

(e) കോളനി ഭരണകർത്താക്കളുടെ നികുതിവ്യവസ്ഥ എന്തായിരുന്നു ? *12*

Q3. **താഴെ കൊടുത്തിരിയ്ക്കുന്ന ഗദ്യഭാഗം മൂന്നിലൊന്നായി സംക്ഷേപിക്കുക. തലക്കെട്ടു് നൽകേണ്ടതില്ല. സംക്ഷേപം നിങ്ങളുടെ സ്വന്തം വാക്കുകളിൽ ആയിരിക്കണം.** *60*

'വികസനം'എന്ന പദം ഒരു സമൂഹത്തിന്റെ സവിശേഷ അവസ്ഥയെ സൂചിപ്പിക്കുന്നതും പരിവർത്തനാനുഭവങ്ങളെ കുറിക്കുന്നതുമായ സങ്കല്പനമാണു്. ദീർഘകാലമായി മനുഷ്യസമൂഹം അതിന്റെ ജൈവ-ഭൗതിക പരിസ്ഥിതികളുമായി തുടർച്ചയായി നടത്തുന്ന ഇടപെടലുകളാണു് ആ സമൂഹത്തിന്റെ അവസ്ഥകളെ നിർണ്ണയിയ്ക്കുന്നതു്. മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ഇടപെടലിന്റെ പ്രക്രിയകൾ, സമൂഹം വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യയും അതു പരിപോഷിപ്പിച്ച സ്ഥാപനങ്ങളേയും ആശ്രയിച്ചിരിക്കുന്നു. സാങ്കേതികവിദ്യയും സ്ഥാപനങ്ങളും മനുഷ്യപരിസ്ഥിതി ഇടപെടലുകളെ ത്വരിതപ്പെടുത്തിയപ്പോൾ സൃഷ്ടിക്കപ്പെട്ട ആക്കം സങ്കേതികവിദ്യയുടെ നിലവാരം ഉയർത്തുകയും നിരവധി സ്ഥാപനങ്ങൾ സൃഷ്ടിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്തു. അതിനാൽ വികസനം ഒരു ബഹുമുഖ ആശയമാണു്; അതു് സമ്പദ്വ്യവസ്ഥയിലും സമൂഹത്തിലും പരിസ്ഥിതിയിലും ഗുണപരമായ മാററങ്ങൾ ഉണ്ടാക്കുന്നു.

വികസനം എന്ന സങ്കല്പം ചലനാത്മകവും ഇരുപതാം നൂററാണ്ടിന്റെ രണ്ടാം പകുതിയിൽ രൂപമെടുത്തതുമാകുന്നു. രണ്ടാം ലോകയുദ്ധാനന്തരകാലത്തു് വികസനം എന്ന ആശയം സാമ്പത്തികവളർച്ചയുടെ പര്യായവും മൊത്ത ദേശിയ ഉത്പാദനത്തിൽ

താത്കാലിക വർദ്ധനവ്, ആളോഹരി വരുമാനം, ആളോഹരി ഉപഭോഗം എന്നിവയാൽ അളക്കപ്പെടേണ്ടതായി കണക്കാക്കുന്നു. എന്നാൽ ഉയർന്ന സാമ്പത്തിക വളർച്ചയുള്ള രാജ്യങ്ങളിൽപ്പോലും അസമമായ വിതരണത്താൽ ദാരിദ്ര്യത്തിന്റെ അളവു് ക്രമാതീതമായി ഉയർന്നു. അതിനാൽ 1970-കളിൽ 'പുനർവിതരണത്തോടുകൂടിയ വളർച്ച', 'വളർച്ചയും തുല്യതയും' തുടങ്ങിയ വാക്യങ്ങൾ വികസനത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തി. പുനർവിതരണം, തുല്യത തുടങ്ങിയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ വികസനം എന്ന ആശയം സാമ്പത്തിക മേഖലയിൽ മാത്രം ഒതുങ്ങുന്നതല്ലെന്നു് തിരിച്ചറിഞ്ഞു. ജനങ്ങളടെ ക്ഷേമം, ജീവിതനിലവാരം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, തുല്യാവസരങ്ങൾ, രാഷ്ട്രീയപൗരാവകാശങ്ങൾ ഉറപ്പാക്കൽ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇതിൽ ഉൾപ്പെടുന്നു. 1980-കളോടെ സമൂഹത്തിലെ എല്ലാ ആളുകൾക്കും വലിയ തോതിലുള്ള സാമൂഹികവും ഭൗതികവുമായ ക്ഷേമം ഉൾക്കൊള്ളുന്ന ഒരു ബഹുമുഖ ആശയമായി 'വികസനം' ഉയർന്നു.

1960-കളുടെ അവസാനം സുസ്ഥിരവികസനം എന്ന ആശയം പാശ്ചാത്യലോകത്തു് പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനു് കാരണമായി. വ്യാവസായിക വികസനം പരിസ്ഥിതിയിലുണ്ടാക്കുന്ന അപ്രതീക്ഷിത പ്രത്യാഘാതങ്ങളെ കുറിച്ചുള്ള ജനങ്ങളുടെ ആശങ്കയാണു് ഇതു് പ്രതിഫലിപ്പിക്കുന്നതു്.

പരിസ്ഥിതി പ്രശ്നങ്ങളിൽ ലോകസമൂഹത്തിൽ വർദ്ധിച്ചുവരുന്ന ആശങ്ക കണക്കിലെടുത്തു് യുണൈറ്റഡ് നേഷൻസ് നോർവീജിയൻ പ്രധാനമന്ത്രിയായ ഗ്രോ ഹാർലെം ബ്രെൺഡ്ലാൻറിന്റെ നേതൃത്വത്തിൽ വേൾഡ് കമ്മീഷൻ ഓൺ എൻവയോൺമെന്റ് ആന്റ് ഡവലപ്പ്മെന്റ് (ഡബ്ല്യൂ.സി.ഇ.ഡി.) സ്ഥാപിച്ചു. ഈ കമ്മീഷൻ 1987-ൽ 'നമ്മുടെ പൊതുഭാവി' (ബ്രെൺഡ്ലാൻറ് റിപ്പോർട്ട് എന്നും അറിയപ്പെടുന്നു) എന്നറിയപ്പെടുന്ന റിപ്പോർട്ട് സമർപ്പിച്ചു. ഡബ്ല്യൂ.സി.ഇ.ഡി. സുസ്ഥിരവികസനത്തിന്റെ നിർവചനം ലളിതമാക്കുകയും വിശാലമായി ഉപയോഗിക്കുകയും ചെയ്തു. ഈ റിപ്പോർട്ടു പ്രകാരം "ഭാവി തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനെ ബാധിക്കാത്ത വിധത്തിൽ ഇന്നത്തെ തലമുറ നടത്തുന്ന വികസനമാണു് സുസ്ഥിരവികസനം." *[230 വാക്കുകൾ]*

**Q4.** **താഴെ കൊടുത്തിരിയ്ക്കുന്ന ഗദ്യഭാഗം ഇംഗ്ലീഷിലേയ്ക്കു് പരിഭാഷ ചെയ്യുക :** **20**

'നമുക്കുചുററും കഥകൾ ചിതറിക്കിടക്കുന്നു എന്നും അവ എങ്ങനെയാണു് സമാഹരിക്കേണ്ടതു് എന്ന ചോദ്യമാണു് അവശേഷിക്കുന്നതു്' എന്നും പ്രേംചന്ദ് ഒരിക്കൽ പറയുകയുണ്ടായി. കാരണം ഓരോ വ്യക്തിയ്ക്കും വസ്തുവിനും അതിന്റേതായ ജീവിതമുണ്ടു്. ഓരോന്നിനും തുടക്കവും വികാസവും അവസാനവുമുണ്ടാകും. എല്ലാവർക്കും ഒരോ കഥയുണ്ടു്. ഒരാൾ എങ്ങനെ മറ്റൊരാളെപ്പോലെ ആകാതിരിക്കുന്നുവോ അതുപോലെ അവരുടെ ജീവിതവും കഥയും ഒരു പോലെയാകുന്നില്ല.

സ്വന്തം കഥയെഴുതുവാൻ കഴിവില്ലാത്ത ഒരു വ്യക്തിയുമില്ല. എന്റെ ആത്മകഥ എന്റെ ജീവിതമാണു്. അതു് എന്റേതുമാത്രമാണു്. ഒരളവുവരെ എന്റെ ജീവിതം മറ്റുള്ളവരേയും ബാധിക്കുന്നുണ്ടു്. അതിനാൽ എന്റെ കഥ മറ്റുള്ളവരുടേയും കഥയാണു്. എന്റെ ജീവിതം കാലത്തേയും സമൂഹത്തേയും പ്രതിനിധീകരിക്കുന്നതിനാൽ ഒരളവുവരെ അതു് എല്ലാവരുടേയും കഥയാണു്. എല്ലാവരുടേയും ജീവിതം കഥയാക്കിമാറ്റാൻ പര്യാപ്തമാണു്.

ആദ്യം നിങ്ങൾ ഒരു പേനയെടുത്തു് ഒരു തുണ്ടു് കടലാസിൽ എന്തെങ്കിലും എഴുതുവാൻ തുടങ്ങുക. സ്വന്തം ജീവിതത്തെ എഴുതുക എന്നതാണു് ഏററവും നല്ലതു്. ബാല്യം മുതലുള്ള കാര്യങ്ങൾ എഴുതുക എന്നത് ഏററവും ശ്രേഷ്ഠമാണു്. അതാകട്ടെ ഒരു ആത്മകഥയായി തീരുകയും ചെയ്യും. ആത്മകഥ എഴുതുന്നതിലെ ആദ്യവ്യവസ്ഥ എല്ലാം സുതാര്യമായും സത്യസന്ധമായും ആവിഷ്കരിക്കുക എന്നതാണു്.

ആത്മകഥാരചനയ്ക്കു് പരിശീലനവും ധാർമ്മികമായ ധൈര്യവും ആവശ്യമാണു്. പൂർണ്ണമായ ഒരാത്മകഥയായില്ലെങ്കിലും അതു് കുറഞ്ഞപക്ഷം ഒരോർമ്മക്കുറിപ്പോ ഡയറിക്കുറിപ്പോ ആയിട്ടെങ്കിലും മാറും. ദിവസങ്ങളുടേയും വർഷങ്ങളുടേയും ഡയറിയെഴുത്താണു് ആത്മകഥയെന്നു് ചുരുക്കത്തിൽ പറയാം.

Q5. താഴെ കൊടുത്തിരിയ്ക്കുന്ന ഗദ്യഭാഗം മലയാളത്തിലേയ്ക്കു് പരിഭാഷ ചെയ്യുക : *20*

Socrates was one of the celebrated Greek thinkers who became very influential in the development of Greek philosophy in particular and Western philosophy in general.

Socrates tried to bring radical changes in the society. But his attempts in the social field were not accepted and appreciated by the authorities. But convinced of his principles Socrates continued his efforts. The authorities considered him as a threat to their existence and as a result he was arrested and sent to prison. Later, he was given capital punishment because he was frank and outspoken. When he received the news of the death penalty he was not at all shaken.

It confused all the officials and even Socrates' own disciples because they had never seen a person accepting the news of his death penalty with a smiling face. When asked why so, he replied, "I have been preparing for death all my life. I have never done anything wrong to any man. That is why I am able to accept even death with a smiling face."

In his use of critical reasoning, by his unwavering commitment to truth and through the vivid example of his own life, Socrates set the standard for all subsequent Western philosophy.

munotes.in

Q6. താഴെ കൊടുത്തിരിയ്ക്കുന്ന ചോദ്യങ്ങൾക്കു് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക :

(a) അർത്ഥം വ്യക്തമാകുന്ന വിധത്തിൽ വാക്യത്തിൽ പ്രയോഗിക്കുക : *2×5=10*

(i) ആചന്ദ്രതാരം *2*

(ii) ഓട്ടപ്രദക്ഷിണം *2*

(iii) കരിതേയ്ക്കുക *2*

(iv) ചിററമ്മനയം *2*

(v) മുൾക്കിരീടം *2*

(b) **സന്ധി ചെയ്യുക :** *2×5=10*

(i) ചിത് + മയം *2*

(ii) തിരു + അടി *2*

(iii) നാടു് + കൂട്ടം *2*

(iv) വാക്കു് + വൈഭവം *2*

(v) നിലം + ഇൽ *2*

(c) **വിഗ്രഹിച്ചെഴുതുക :** *2×5=10*

(i) സാദരം *2*

(ii) മഞ്ഞക്കിളി *2*

(iii) ശാപഗ്രസ്ഥൻ *2*

(iv) തീപ്പെട്ടി *2*

(v) രാപ്പകൽ *2*

(d) **താഴെ കൊടുത്തിരിയ്ക്കുന്ന പദങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക :** *2×5=10*

(i) ഉത്ഗ്രഥനം *2*

(ii) വിശ്വസ്ഥൻ *2*

(iii) ഗോഷ്ഠി *2*

(iv) അനുഗൃഹീതൻ *2*

(v) ചിന്തോദ്ദീപകം *2*

munotes.in